

വിഷപ്പാമ്പുകളെപ്പറ്റി നിങ്ങൾക്കറിയാമോ?

# കേരളത്തിലെ വിഷപ്പാമ്പുകൾ

**സുധീഷ് മുയിപ്പോത്ത്**

കേരളത്തിൽ പ്രധാനമായും കാണപ്പെടുന്ന പാമ്പുകളെ പൊതുവെ വിഷമുള്ള പാമ്പുകൾ, വിഷമില്ലാത്ത പാമ്പുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാവുന്നതാണ്. പ്രധാനമായും ഏഴ് തരം കുടുംബങ്ങളിൽ പെട്ട പാമ്പുകളെയാണ് നാം കേരളത്തിൽ കണ്ടുവരുന്നത്. എലാപ്പിഡേ, വൈപ്പറിഡേ, കൊളുബ്രിഡേ, ബോയ്ഗണേ, പൈത്തോണിഡേ, യൂറോപെറ്റിൽഡേ, ബോയ്ഡേ എന്നിവയാണ് അവയുടെ ശാസ്ത്രീയനാമങ്ങൾ. എലാപ്പിഡേ, വൈപ്പറിഡേ എന്നിവ വിഷമുള്ള ഇനം പാമ്പുകളാണ്. ബാക്കിയുള്ളവ വിഷമില്ലാത്തവയുമാണ്. ഇന്ത്യയിലെ മറ്റ് ഭാഗങ്ങളിൽ കാണുന്ന വിഷപ്പാമ്പുകളെയെല്ലാം കേരളത്തിൽ കാണാറുണ്ട്.

കേരളത്തിലെ വിഷമുള്ള പാമ്പുകൾ ഏതൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

### മൂർഖൻ

ഇന്ത്യൻ കോബ്ര എന്നറിയപ്പെടുന്ന മൂർഖൻ നമ്മുടെ നാട്ടിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട വിഷപ്പാമ്പാണ്. ചെറിയ കാടുകളിലും നമ്മുടെ തൊടി

മലർവാടി
സ്കൂൾ മുറ്റം



കേന്ദ്ര ഏലം ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്നത് - മയിലാടും പാറ

യിലുമെല്ലാം ഇവയെ കാണാറുണ്ട്.

ഫണം വിരിച്ച് നിൽക്കാനുള്ള കഴിവ് ഇന്ത്യൻ മൂർഖനെ രൂപത്തിൽ വ്യത്യസ്തനാക്കുന്നുണ്ട്. ഫണത്തിന് പിറകുവശത്തായി പ്രത്യേകമായുള്ള അടയാളം മൂർഖന് കാണാം. ആറ് അടിയിൽ കൂടുതൽ വളർന്ന മൂർഖൻ ഒരു ജീവിയെ കൊല്ലാൻ ആവശ്യമായതിലും പത്തിരട്ടി വിഷം കടിക്കുമ്പോൾ ശരീരത്തിൽ ഏൽപ്പിക്കുന്നുണ്ടെന്നാണ് കണക്ക്.

മഞ്ഞയോ തവിട്ട് കലർന്ന മഞ്ഞയോ ആണ് മൂർഖന്റെ സ്വാഭാവിക നിറം. അപൂർവ്വമായി സ്വർണ്ണ നിറത്തിലും കണ്ടെത്തിയിട്ടുണ്ട്.

മുട്ടയിട്ട് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ജീവിയാണ് മൂർഖൻ. കുഞ്ഞുമൂർഖൻ പോലും നന്നായി വിഷമുള്ളവയാണ്. എലി, പക്ഷി, തവളകൾ, മറ്റു പാമ്പുകൾ എന്നിവയെയാണ് മൂർഖൻ പൊതുവെ




ആഹാരമാക്കുന്നത്.

ഉച്ചത്തിൽ ചീറ്റുന്ന സ്വഭാവം മൂർഖനുണ്ട്. മൂർഖൻ ഹിന്ദുമതത്തിലെ ചില വിഭാഗങ്ങൾ ആരാധിക്കുന്ന ജീവി കൂടിയാണ്. പാമ്പുമായി ബന്ധപ്പെട്ട് നിരവധി കെട്ടുകഥകളും അന്ധവിശ്വാസങ്ങളും ഉണ്ട്. അതിനൊന്നും യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

## വെള്ളിക്കെട്ടൻ

വെള്ളിക്കെട്ടൻ അതീവ വിഷമുള്ള പാമ്പാണ്. വെള്ളിക്കെട്ടൻ, വളവളപ്പൻ, കാട്ടുവിരിയൻ, എട്ടടിവീരൻ, കെട്ടുവളയൻ, കരിവേല, ശംഖു വരയൻ എന്നിങ്ങനെ പല പേരുകളിലും പ്രാദേശികമായി ഈ പാമ്പ് അറിയപ്പെടുന്നു.




ഏറ്റവും വീര്യം കൂടിയ വിഷം വഹിക്കുന്ന പാമ്പാണ് വെള്ളിക്കെട്ടൻ. എന്നാൽ വിഷപ്പല്ലുകൾ ചെറുതായതിനാൽത്തന്നെ അത്രയും വിഷം കടിക്കുമ്പോൾ ഏൽപ്പിക്കുവാൻ ഇതിന് കഴിയാറില്ല.

കറുപ്പിൽ വെള്ളി വളയങ്ങൾ ഉള്ള ഇവയെ തിരിച്ചറിയാൻ എളുപ്പമാണ്. കുറ്റിക്കാടുകളിലും വീട്ടുപറമ്പുകളിലും ഇവയെ സർവ്വസാധാരണമായി കണ്ടുവരുന്നു. ചിലപ്പോഴൊക്കെ വീടിനകത്തും ഇതിന്റെ സാന്നിധ്യം കാണാം. മറ്റു പാമ്പുകൾ, എലി, പല്ലി, തവള എന്നിവയാണ് ഇവയുടെ ഭക്ഷണം.

ഏകദേശം ഒന്നര മീറ്റർ വരെ വലുപ്പത്തിൽ ഇവ വളരാറുണ്ട്. വിഷാംശം നാഡികളെയാണ് ബാധിക്കാറ്. ചികിൽസ വൈകിയാൽ എളുപ്പത്തിൽ മരണം സംഭവിക്കുന്നു. വീര്യമേറിയ വിഷമായതിനാൽ തന്നെ മൂർഖന്റെ വിഷത്തെക്കാൾ ഏറെ മാരകമാണിതെന്നു കാണാം.

## അണലി

വൈപ്പറിഡേ എന്ന കുടുംബത്തിലെ വൈപ്പറിനേ എന്ന ഉപ കുടുംബത്തിൽ വരുന്ന ജീവിയാണ് അണലികൾ. കേരളത്തിലെ അണലി വർഗത്തിൽ പെട്ട വിഷപ്പാമ്പുകൾ പ്രധാനമായും രണ്ടെണ്ണം ഉണ്ട്. അവ ഏതാണെന്ന് നോക്കാം.




## ചേനത്തണ്ടൻ

അണലി എന്ന പേരിൽ നമ്മുടെ നാട്ടിൽ പൊതുവെ അറിയപ്പെടുന്ന വർഗ്ഗമാണിത്. ചേനത്തണ്ടൻ, വട്ടക്കൂറ, കുതിരക്കുളമ്പൻ, പയ്യാന മണ്ഡലി എന്നിങ്ങനെ പ്രാദേശികമായി പല പേരുകളിലും അണലി പറയപ്പെടുന്നു.

ഇന്ത്യയിൽ ഏകദേശം എല്ലായിടത്തും കാണപ്പെടാറുള്ള ഇത് ജനവാസകേന്ദ്രങ്ങളിലും സജീവമായതിനാൽ ഇതിന്റെ കടിയേറ്റ് വളരെയേറെപ്പേർ മരണപ്പെട്ടിട്ടുണ്ട്.

ഇടതൂർന്ന കാടുകളിൽ ഇവയെ അധികം കാണാറില്ല. തുറസ്സായ പുൽമേട് , കുറ്റിക്കാടുകൾ, കൃഷിസ്ഥലം, തോട്ടങ്ങൾ, തീരസമതലങ്ങൾ ഇവിടങ്ങളിൽ അണലി സർവ്വസാധാരണമാണ്. നിലത്ത് തന്നെ ജീവിക്കുന്ന അണലികൾ രാത്രി ഇരതേടുന്ന ജീവിയാണ്. വളരെ സാവധാനം സഞ്ചരിക്കുന്ന ശാന്തസ്വഭാവമുള്ള അണലി പരിധിയിൽ കൂടുതൽ പ്രകോപനം ഉണ്ടായാൽ അപകടകാരിയായി മാറുന്നു.

'പ്രസവിക്കുന്ന പാമ്പ്' എന്നാണ് അണലിയെ വിളിക്കാറ്. കാരണം ഇവയുടെ മുട്ട വയറ്റിനകത്താണ് വിരിയുന്നത്. ഒരുപാട് കുഞ്ഞുങ്ങളെ ഒരുമിച്ച് പ്രസവിക്കാറുണ്ട് അണലികൾ. എലികളാണ് ഇവയുടെ ഇഷ്ട ഭക്ഷണം. നന്നായി ചീറ്റുന്ന സ്വഭാവം അണലിക്കുണ്ട്. ചാടിക്കടിക്കാനും അണലിക്ക് കഴിയും. കടിയേറ്റാൽ അസഹ്യമായ വേദനയുണ്ടാകും. രക്തം കട്ട പിടിക്കാത്തതിനാൽ മുറിവിൽ നിന്നും മറ്റ് ശരീര മുറിവുകളിൽ നിന്നും രക്തസ്രാവം ഉണ്ടാകും. രക്തം ഛർദിക്കാറുമുണ്ട്. വിശമേറ്റാൽ കോശം നശിച്ച് ശരീരഭാഗം ചീഞ്ഞളിയുന്നതായും കാണാറുണ്ട്. അണലി വിഷം ഹൃദയത്തിന്റെയും വൃക്കകളുടെയും പ്രവർത്തനത്തെ തളർത്തി മരണത്തിലേക്ക് നയിക്കുന്നു.

## ചുരുട്ട മണ്ഡലി

അണലി വർഗ്ഗത്തിലെ മറ്റൊരു വിഷപ്പാമ്പാണ് ചുരുട്ട മണ്ഡലി എന്നറിയപ്പെടുന്നത്. ഇതിനെ അണലിയായും തെറ്റിദ്ധരിക്കാറുണ്ട്. ത്രികോണാകൃതിയിലുള്ള തലയിൽ തൃശൂലം പോലൊരു അടയാളം ഉണ്ട്. ഇതാണ് ചുരുട്ടയെ തിരിച്ചറിയാനുള്ള ഉപായം.

നീളം കൂടിയ വിഷപ്പല്ലാണിവയ്ക്ക്. ചെങ്കൽ പ്രദേശങ്ങൾ, തരിശ് ഭൂമികൾ എന്നിവിടങ്ങളിൽ വ്യാപകമാണ്. വീര്യമുള്ള വിഷം ആണിവക്ക്. അത് രക്തത്തെയാണ് ബാധിക്കുന്നത്. അതിനാൽ ഇവയെ രക്ത അണലി എന്നും ചിലർ വിളിക്കാറുണ്ട്.




## രാജവെമ്പാല

കരയിൽ ജീവിക്കുന്നവയിൽ ഏറ്റവും വലിയ വിഷപ്പാമ്പാണ് രാജവെമ്പാല. 18 അടിയോളം (5.5 മീറ്റർ) നീളം ശരാശരി വലുപ്പം കാണും. വിഷമേറ്റാൽ മിനിറ്റുകൾക്കുള്ളിൽ മരണം സംഭവിക്കുന്നു. മൂർഖനെ പോലെ പത്തി വിടർത്തുമെങ്കിലും മറ്റു സാമ്യങ്ങളിതിനില്ല. പാമ്പുകളാണ് ഇവയുടെ മുഖ്യ ആഹാരം.

ഇടതൂർന്ന കാടുകളിലും മറ്റു തണുപ്പുള്ളതും





# വാവ സുരേഷ്

**ലോക**പ്രശസ്ത പാമ്പ് പിടിത്തക്കാരനും വന്യജീവി സംരക്ഷകനുമാണ് വാവ സുരേഷ്. തിരുവനന്തപുരത്തെ ശ്രീകാര്യമാണ് ഇദ്ദേഹത്തിന്റെ സ്വദേശം. അതീവ വിഷമുള്ള രാജവെമ്പാലയടക്കം മുപ്പതിനായിരത്തിലധികം പാമ്പുകളെ പിടികൂടി മനുഷ്യന് ഉപദ്രവമില്ലാത്ത സ്ഥലങ്ങളിലേക്ക് അവയെ മാറ്റിയ വ്യക്തിയാണ് വാവ സുരേഷ്.



മുന്നൂറിലേറെ തവണ വിഷപ്പാമ്പുകളുടെ കടിയേൽക്കുകയും നിരവധി തവണ അത്യാസന്ന നിലയിലാവുകയും ചെയ്തിട്ടുള്ള വാവ സുരേഷിന്റെ ശരീരത്തിൽ പാമ്പ് വിഷത്തിനെതിരായിട്ടുള്ള ചില ആന്റിബോഡികളുടെ സാന്നിധ്യം ഇന്ന് പഠനവിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

ജീവ കാരുണ്യരംഗത്തും പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. വാവ സുരേഷിനെപറ്റി കേട്ടറിഞ്ഞ ബ്രിട്ടീഷ് ചാൾസ് രാജകുമാരൻ തിരുവനന്തപുരത്ത് വന്നപ്പോൾ അദ്ദേഹത്തെ സന്ദർശിച്ചത് ഏറെ വാർത്താ പ്രാധാന്യം നേടിയിരുന്നു. പാമ്പുകളെ പറ്റിയുള്ള ബോധവൽക്കരണ പരിപാടിയിലും സജീവമാണിപ്പോൾ വാവ സുരേഷ്.

ജലസാന്നിധ്യമുള്ളതുമായ സ്ഥലങ്ങളിലും ഇവയെ കാണാറുണ്ട്. മനുഷ്യസാന്നിധ്യമേഖലയിൽ അപൂർവ്വമായി എത്തിപ്പെടാറുണ്ട്. അടയിരിക്കുന്ന പെൺരാജവെമ്പാല വലിയ അപകടകാരിയാണ്. നാഡീവ്യൂഹത്തെയാണ് രാജവെമ്പാലയുടെ വിഷം ബാധിക്കുന്നത്.



ഫണം വിടർത്തിയ മൂർഖൻ

കേരളത്തിലെ വിഷപ്പാമ്പുകളെ പറ്റി മനസ്സിലായല്ലോ അല്ലേ... ഇവ കൂടാതെ ചേര, പെരുമ്പാമ്പ്, മലമ്പാമ്പ്, പച്ചിലപ്പാമ്പ്, ഇരട്ടത്തലയൻ, കാട്ടുപാമ്പ്, നീർക്കോലി തുടങ്ങി വിഷമില്ലാത്ത നിരവധി പാമ്പുകൾ ഉണ്ട്. മനുഷ്യ ജീവന് ഹാനികരമാകുന്ന സമയത്താണ് ഇവയെ മനുഷ്യൻ തല്ലിക്കൊല്ലാറുള്ളത്. എന്നാൽ പാമ്പുകളെ കൊല്ലുന്നത് വന്യജീവി സംരക്ഷണ നിയമപ്രകാരം വലിയ കുറ്റമാണ്.

ഈ കാലത്ത് ഇവയെ പ്രകൃതിയുടെ ഭാഗമായി നിലനിർത്താനുള്ള ശ്രമങ്ങൾ ഏറെയാണ്. പാമ്പുകളെ പറ്റി കൂടുതൽ അറിയാനും പഠിക്കാനും വിവരങ്ങൾ ശേഖരിക്കാനും കൂട്ടുകാർ ശ്രമിക്കുമല്ലോ അല്ലേ...